**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6383** **10-11-2021 - ൽ മറുപടിയ്ക്ക്**

**പരിയാരം മെഡിക്കൽ കോളേജ് പബ്ലിക്ക് സ്കൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ പരിയാരം ഗവൺമെന്റ് മെഡിക്കൽ കോളേജ് പബ്ലിക് സ്കൂൾ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിലെ തീരുമാനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) | കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജ് പബ്ലിക് സ്കൂൾ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിലെ തീരുമാനങ്ങൾ അടങ്ങിയ മിനിട്സിന്റെ കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത യോഗത്തിന്റെ മിനിട്സിന്റെ കോപ്പി ലഭ്യമാക്കാമോ? | (ബി) | കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജ് പബ്ലിക് സ്കൂൾ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിലെ തീരുമാനങ്ങൾ അടങ്ങിയ മിനിട്സിന്റെ കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**കണ്ണൂർ പരിയാരം മെഡിക്കൽ കോളേജ് പബ്ലിക് സ്കൂളിനെ സംബന്ധിച്ച 11.10.2021 ന് തിങ്കളാഴ്ച ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിന്റെ നടപടിക്കുറിപ്പ്**

യോഗം കൃത്യം 12.00 മണിയ്ക്ക് ആരംഭിച്ചു. വിഷയം വിശദമാക്കാൻ ബഹു. മുഖ്യമന്ത്രി ബഹു. വിദ്യാഭ്യാസ മന്ത്രിയോട് നിർദ്ദേശിച്ചു. ബഹു. വിദ്യാഭ്യാസ മന്ത്രി കാര്യങ്ങൾ വിശദീകരിച്ചു.

2. കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജ് കാമ്പസിനുള്ളിൽ 3 ഏക്കർ ചുറ്റളവിൽ മെച്ചപ്പെട്ട ഭൗതിക സാഹചര്യത്തിൽ സി.ബി.എസ്.ഇ സിലബസിൽ എൽ.കെ.ജി. മുതൽ 10 വരെ ക്ലാസുകൾ പ്രവർത്തിച്ചുകൊണ്ടിരുന്ന സ്കൂളാണ് പരിയാരം മെഡിക്കൽ കോളേജ് പബ്ലിക് സ്കൂൾ. അക്കാഡമി ഓഫ് മെഡിക്കൽ സയൻസിന്റെ കീഴിൽ 2003-ൽ ആരംഭിച്ച ഈ സ്കൂളിനാവശ്യമായ എല്ലാ സൗകര്യങ്ങൾ ഒരുക്കിയതും ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെ മറ്റു കാര്യങ്ങൾ നിർവഹിച്ചിരുന്നതും അക്കാഡമി ഓഫ് മെഡിക്കൽ സയൻസാണ്. കെ.ഇ.ആർ പ്രകാരമുള്ള മതിയായ കെട്ടിട സൗകര്യം സ്കൂളിനുണ്ട്. 3 നിലകളിലായി പ്രവർത്തിക്കുന്ന ഈ സ്കൂളിൽ ലാബ്, ലൈബ്രറി, സ്റ്റാഫ് റൂം, ഐ.റ്റി. ലാബ്, ഹെഡ്മാസ്റ്റർ റൂം എന്നിവ ക്ലാസ് മുറികൾ കൂടാതെ നിലവിലുണ്ട്. സ.ഉ.(സാധാ) 2011/2021/പൊ.വി.വ പ്രകാരം 2019-20 വർഷത്തെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ നിലവിലുള്ളതും കെ.ഇ.ആർ പ്രകാരം അനുവദനീയമായതുമായ തസ്തികകളിൽ ജോലി ചെയ്തു വരുന്ന 19 ജീവനക്കാർക്ക് ദിവസവേതനാടിസ്ഥാനത്തിൽ വേതനം അനുവദിക്കുന്നതിനും കെ.ഇ.ആർ. ൽ പരാമർശിച്ചിട്ടില്ലാത്ത 3 ജീവനക്കാർക്ക് സ്പെഷ്യൽ കേസായി പരിഗണിച്ച് ദിവസവേതനാടിസ്ഥാനത്തിൽ വേതനം നൽകാനും നിർദ്ദേശം നൽകിയിരുന്നു എന്നും ബഹു.വിദ്യാഭ്യാസ മന്ത്രി വിശദീകരിച്ചു.

3. തുടർന്ന് താഴെപ്പറയുന്ന കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടതുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി -

ഒന്ന്) കോടതി അലക്ഷ്യ നടപടികൾ ഒഴിവാക്കുന്നതിനായി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിർദ്ദേശിച്ച പ്രകാരം ജീവനക്കാർ അൺഎയ്ഡഡ് കാലത്ത് വാങ്ങിയ ശമ്പളം പ്രൊവിഷണലായി നൽകാമോ?

രണ്ട്) 2019-20 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിക്കാമോ?

മൂന്ന്) തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതുവരെയുള്ള കാലത്തേക്ക് വിദ്യാഭ്യാസ വകുപ്പിൽ ഇവർക്ക് അവരുടെ യോഗ്യത അനുസരിച്ച് കിട്ടുമായിരുന്ന ശമ്പളം പ്രൊവിഷണലായി, വേണ്ടി വന്നാൽ തിരിച്ചെടുക്കാമെന്നുള്ള വ്യവസ്ഥക്ക് സത്യവാങ്മൂലം വാങ്ങിയതിനു ശേഷം നൽകാമോ?

നാല്) തസ്തിക സൃഷ്ടിച്ച ശേഷം നിലവിലുള്ള 22 ജീവനക്കാരിൽ യോഗ്യതയുള്ള 19 പേരെ അധ്യാപക തസ്തികകളിൽ നിയമിക്കാമോ? കെ-ടെറ്റ് യോഗ്യതയില്ലാത്തവരും എന്നാൽ ബിഎഡ് യോഗ്യതയുള്ളവരുമായ ജീവനക്കാർക്ക് കെ-ടെറ്റ് നേടുന്നതിൽ ഇളവ് പരിഗണിക്കാമോ?

അഞ്ച്) അധ്യാപക തസ്തികയുടെ ഒരു യോഗ്യതയുമില്ലാത്തവരെ മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ മറ്റേതെങ്കിലും തസ്തികകളിൽ പരിഗണിക്കാമോ?

ആറ്) കുട്ടികൾക്ക് യൂണിഫോം, കിറ്റുകൾ എന്നിവ മറ്റ് സ്കൂളുകളിൽ നൽകുന്നതു പോലെ നൽകാമോ?

4. ബഹു. വിദ്യാഭ്യാസ മന്ത്രി മുന്നോട്ടു വച്ച നിർദ്ദേശങ്ങൾ പരിശോധിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈകൊള്ളാമെന്ന് ബഹു. മുഖ്യമന്ത്രി സമ്മതിക്കുകയും ചെയ്തു -

ഒന്ന്) 2019-20 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിക്കാം.

രണ്ട്) സ്കൂൾ ഗവൺമെന്റ് ഏറ്റെടുത്ത തീയതി മുതൽ ശമ്പളകുടിശ്ശികയും ഇവർ ആ കാലത്ത് വാങ്ങിക്കൊണ്ടിരുന്ന ശമ്പള നിരക്കിൽ ശമ്പളവും നിയമങ്ങൾക്കു വിധേയമായി നൽകുന്ന കാര്യം പരിശോധിക്കാം .

മൂന്ന്) തസ്തിക സൃഷ്ടിച്ച ശേഷം നിലവിലുള്ള 22 ജീവനക്കാരിൽ യോഗ്യതയുള്ള 19 പേരെ അധ്യാപക തസ്തികകളിൽ നിയമിക്കാം. കെ-ടെറ്റ് യോഗ്യതയില്ലാത്തവരും എന്നാൽ ബിഎഡ് യോഗ്യതയുള്ളവരുമായ ജീവനക്കാർക്ക് കെ-ടെറ്റ് നേടുന്നതിൽ ഇളവ് പരിഗണിക്കാം.

നാല്) അധ്യാപക തസ്തികയുടെ ഒരു യോഗ്യതയുമില്ലാത്ത 3 പേരെ മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ മറ്റേതെങ്കിലും തസ്തികകളിൽ പരിഗണിക്കാം.

അഞ്ച്) കുട്ടികൾക്ക് യൂണിഫോം, പഠനോപകരണങ്ങൾ, കിറ്റുകൾ എന്നിവ മറ്റ് സ്കൂളുകളിൽ നൽകുന്നതു പോലെ നൽകാം.

യോഗം 12.30 ന് അവസാനിച്ചു.

<u>യോഗത്തിൽ പങ്കെടുത്തവർ</u>

1. ശ്രീ.കെ.എൻ.ബാലഗോപാൽ, ബഹു.ധനകാര്യ വകുപ്പ് മന്ത്രി
2. ശ്രീമതി വീണാ ജോർജ്ജ്, ബഹു.ആരോഗ്യ വകുപ്പ് മന്ത്രി
3. ശ്രീ.വി.ശിവൻകുട്ടി, ബഹു.പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി
4. ശ്രീ.എ.പി.എം.മുഹമ്മദ് ഹനീഷ്, ഐ.എ.എസ്, പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
5. ശ്രീ.സഞ്ജയ് കൗൾ, ധനകാര്യ വകുപ്പ് സെക്രട്ടറി
6. ശ്രീ.ജീവൻ ബാബു, ഐ.എ.എസ്, പൊതു വിദ്യാഭ്യാസ ഡയറക്ടർ